പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3187 03/04/2013- ൽ മറുപടിക്ക്

**'ഗാർഹിക കോഴി വളർത്തൽ വികസന പദ്ധതി '**

**ചോദ്യം**

ശ്രീ. വി. ശശി:

**മറുപടി**

ശ്രീ. കെ.പി. മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 'ഗാർഹിക കോഴി വളർത്തൽ വികസന പദ്ധതി ' ക്കായി 2012-13 ലെ ബജറ്റിൽ വകയിരുത്തിയ 10.42 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) 2012-13 സാമ്പത്തിക വർഷം ഗാർഹിക കോഴി വളർത്തൽ വികസന പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 10.42 കോടി രൂപയിൽ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിരുന്ന തുക 400 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന് അനുവദിച്ച 6.42 കോടി രൂപ സാമ്പത്തിക വർഷത്തിന്റെ അവസാന മാസമാണ് നൽകിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിയത്; ഇതിനായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ? | (ബി) തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല പഞ്ചായത്തിൽ 1700 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം കോഴികളെയും, തീറ്റയും നൽകുന്നതിനായി 17,21,540/- രൂപ വകയിരുത്തി നൽകുകയും ആയത് ചെലവഴിച്ച് പദ്ധതി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമങ്ങൾ ഏതൊക്കെയാണെന്നുള്ള കാര്യത്തിൽ ഉടൻ അന്തിമതീരുമാനം കൈക്കൊണ്ട് പദ്ധതി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

NS